(ബി) ഇപ്പോൾ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കാർഡുടമകൾക്ക് എന്തു വിലയക്ക് എത്ര കിലോ അരി വീതം വിതരണം ചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ബി. പി. എൽ. കാർഡുടമകളിൽ എത്ര പേർക്ക് എത്ര കിലോ വീതം അരി വിതരണം ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ എൽ. ഡി. എഫ്. ഭരണകാലത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കാർഡുടമകൾക്ക് വിതരണം ചെയ്ത അരിയുടെ വിലയും അളവും താഴെ കൊടുത്തിരിക്കുന്നു.

കാലയളവ്	വില കി. ഗ്രാമിന് (രൂപ)	അനുവദിച്ച അരിയുടെ അളവ്
1-12-1997 മുതൽ	3.90	മുതിർന്നവർക്ക് ആഴ്ചയിൽ 2 കിലോ അരിയും കുട്ടികൾക്ക് ആഴ്ചയിൽ 1 കിലോ അരിയും
29-1-1999 മുതൽ	5.00	
1-4-2000 മുതൽ	6.40	മാസത്തിൽ 20 കി. ഗ്രാം (കാർഡൊന്നിന് ആഴ്ചയിൽ 5 കിലോഗ്രാം വീതം)

(ബി & സി) ഇപ്പോൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കാർഡുടമകൾക്ക് പ്രതിമാസം 35 കിലോഗ്രാം ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതിന് അർഹതയുണ്ട്. ഇതിൽ 75% അരിയും 25% ഗോതമ്പുമാണ് നൽകേണ്ടത്. അരിയുടെ വില കിലോഗ്രാമിന് 6.20 രൂപയും ഗോതമ്പിന്റെ വില കിലോഗ്രാമിന് 4.70 രൂപയുമാണ്. എന്നാൽ കേന്ദ്ര സർക്കാരിന്റെ കണക്കനുസരിച്ച് സംസ്ഥാനത്തെ 10.822 ലക്ഷം ബി. പി. എൽ. കുടുംബങ്ങൾക്ക് അനുവദിച്ചു നൽകുന്ന ഭക്ഷ്യധാന്യങ്ങൾ, സംസ്ഥാനത്തെ 15.74 ലക്ഷം ബി. പി. എൽ. കുടുംബങ്ങൾക്കായി വീതിച്ചു നൽകുന്നു. ബി. പി. എൽ. കാർഡുടമകൾക്ക് ഇപ്പോൾ 24 കി. ഗ്രാം ഭക്ഷ്യധാന്യങ്ങൾ പ്രതിമാസം വിതരണം ചെയ്യുന്നുണ്ട്.

റേഷൻ കട വഴി വിതരണം നടത്തുന്ന പഞ്ചസാര

49 [2666] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിലെ പഞ്ചസാര വില നിയന്ത്രിക്കുന്നതിന് റേഷൻ കടകൾ വഴി എല്ലാ കാർഡുടമകൾക്കും പഞ്ചസാര വിതരണം ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും റേഷൻ കടകൾ വഴി വിതരണം നടത്തുന്നതിനായി എത്ര ടൺ പഞ്ചസാര ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) പഞ്ചസാരയുടെ അലോട്ട്മെന്റ് വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും റേഷൻ കട വഴി വിതരണത്തിനായി അനുവദിച്ച പഞ്ചസാരയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

വർഷം	പഞ്ചസാരയുടെ അളവ് (മെ. ടൺ)
5/01 മുതൽ 12/01 വരെ	39590
2002	45465
2003	34270
2004	55690
1/05 മുതൽ 3/05 വരെ	12309

(സി) ഇല്ല.

റേഷൻ സാധനങ്ങളുടെ വില

50 [2667] ശ്രീ. ടി. പി. രാമകൃഷ്ണൻ:

,, രാജു എബ്രഹാം:

,, പി. സി. ജോർജ്:

,, പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾ വിവിധ ഗണത്തിൽപ്പെട്ട കാർഡുടമകൾക്ക് എന്ത് വിലയ്ക്കാണ് വിതരണം ചെയ്തു വരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly